"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതിക പാർക്കിലെ ദൈനംദിന ചിലവുകൾക്കും, ജീവനക്കാർക്കുള്ള ശമ്പളവും തനത്ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1700/2022/LSGD തീയതി,തിരുവനന്തപുരം, 18-07-2022

---

പരാമർശം:- 1. തൃശ്ശൂർ ജില്ലാപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന 28.05.2022 തീയതിയിലെ കത്ത്.

2. 10.01.2021 തീയതിയിലെ സ.ഉ.(സാധാ) നം. 62/2022 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതികപാർക്കിന്റെ പ്രവർത്തനത്തിന് 2020-21, 2021-22 വർഷക്കാലത്തേയ്ക്ക് വികസന ഫണ്ടിന് പകരം തനത് ഫണ്ട് ഉപയോഗിക്കുവാൻ കോവിഡ് സാഹചര്യം മാറുന്ന മുറയ്ക്ക് വിജ്ഞാൻ സാഗറിന്റെ സ്വന്തം വരുമാനത്തിൽ നിന്നും ചെലവ് കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന നിബന്ധനയോടെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

കോവിഡ് മൂലമുള്ള പ്രതിസന്ധി പൂർണ്ണമായി അവസാനിച്ചിട്ടില്ലാത്തതിനാൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതികപാർക്കിന്റെ പ്രവർത്തനത്തിന് കോവിഡ് പൂർവ്വകാലത്തേതുപോലെ തനത് വരുമാനം കണ്ടെത്താൻ കഴിയാത്ത നിലവിലെ സാഹചര്യത്തിൽ, തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്ന് 2022-23 വർഷത്തേക്കു കൂടി തുക അനുവദിയ്ക്കുന്നതിനുള്ള അനുമതി നല്കണമെന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) കത്ത് പ്രകാരം സർക്കാരിനോടഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിജ്ഞാൻ സാഗർ ശാസ്ത്ര സാങ്കേതികപാർക്കിന്റെ പ്രവർത്തനത്തിന് കോവിഡ് പൂർവ്വകാലത്തേതുപോലെ തനത് വരുമാനം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ, 2022-23 വർഷത്തേയ്ക്കുകൂടി വിജ്ഞാൻ സാഗറിന്റെ ദൈനംദിനചിലവുകളും ജീവനക്കാരുടെ ശമ്പളവും അനുവദിയ്ക്കുന്നതിന്, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ സമിതിയുടെ സാധൂകരണത്തിന് വിധേയമായി, തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്ന് തുക അനുവദിയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.1700/2022/LSGD

രഞ്ജൻ രാജ് ആർ പി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 18-07-2022 16:34:02
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്